## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1509** **08-12-2022 - ൽ മറുപടിയ്ക്ക്**

## കോന്നി നിയോജക മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞ കുന്നിട ഗവ. എൽ.പി.എസ്., കലഞ്ഞൂർ ഗവ. എൽ.പി.എസ്., ചിറ്റാർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, മാങ്കോട് ഗവ. ഹയർ സെക്കൻഡറി സ്കൂൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയും; നടപടി വിശദമാക്കുമോ; | (എ) | കോന്നി നിയോജക മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനത്തെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | പൊതുമരാമത്ത് കെട്ടിട വിഭാഗവും തദ്ദേശസ്വയംഭരണ വിഭാഗവും നിർമ്മാണ ചുമതല ഏറ്റെടുത്തിട്ടുള്ള കോന്നി നിയോജക മണ്ഡലത്തിലെ ഗവ. എൽ.പി.എസ്. പേരൂർകുളം, കോന്നി, ഗവ. എൽ.പി.എസ്. മലയാലപ്പുഴ, ഗവ. എൽ.പി.എസ്. വള്ളിക്കോട്, ഗവ. എൽ.പി.എസ്. പ്രമാടം എന്നീ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയും; വിശദമാക്കുമോ? | (ബി) | കോന്നി നിയോജക മണ്ഡലത്തിൽ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുള്ള സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനത്തെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | സ്കൂളിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ഗവൺമെന്റ് എൽ.പി.സ്കൂൾ, കുന്നിട | നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | ഗവൺമെന്റ് എൽ.പി.സ്കൂൾ, കലഞ്ഞൂർ | കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട് |
| 3 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, ചിറ്റാർ | നിർവ്വഹണ ഏജൻസിയായ ഇൻകൽ സാങ്കേതികാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ, മാങ്കോട് | കെട്ടിടനിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. നിർമ്മാണപ്രവർത്തനത്തിനുള്ള തുടർ നടപടികൾ എസ്.പി.വിയായ കില സ്വീകരിച്ചുവരുന്നു. |
| 5. | ഗവൺമെന്റ് എൽ.പി.സ്കൂൾ, പേരൂർകുളം, കോന്നി | പഴയ കെട്ടിടത്തിന്റെ മുഴുവൻ ഭാഗവും പൊളിച്ചു നീക്കിയതിന് ശേഷം കെട്ടിടം പണി ആരംഭിക്കുന്നതാണ്. |
| 6. | ഗവൺമെന്റ് എൽ.പി.സ്കൂൾ, മലയാലപ്പുഴ | ടെണ്ടർ നടപടികൾ നടന്നു വരുന്നു. |
| 7. | ഗവൺമെന്റ് എൽ.പി.സ്കൂൾ, വള്ളിക്കോട് | കെട്ടിടം പണി ആരംഭിച്ചിട്ടുണ്ട് |
| 8. | ഗവൺമെന്റ് എൽ.പി.സ്കൂൾ, പ്രമാടം | ടെണ്ടർ നടപടികൾ പൂർത്തിയായി |

സെക്ഷൻ ഓഫീസർ